# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3166 23.3.2015-ൽ മറുപടിയ്ക്ക്

**പാൽ,മുട്ട,മാംസം എന്നിവയുടെ ഉത്പാദനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.സദാശിവൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തിലെ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ പാൽ,മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വളരെക്കുറവാണെന്നത് വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിക്കുമ്പോൾ ഉത്പാദനം കുറവാണെന്നത് വിലയിരുത്തിയിട്ടുണ്ട്. എന്നാൽ മുട്ടയുടെ ഉത്പാദനത്തിൽ 2013-14-ൽ 2012-13 നെ അപേക്ഷിച്ച് 10.69% വർദ്ധനവും മാംസത്തിന്റെ ഉത്പാദനത്തിൽ 3.76% വർദ്ധനവും ഉണ്ടായിട്ടുണ്ട്. ഇൻഡ്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രതിവർഷം 2,31,000 ടൺ കോഴിയിറച്ചി സംസ്ഥാനത്ത് ആവശ്യമാണ്. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിവർഷ ആഭ്യന്തര ഉല്പാദനം 1,51,000 മെട്രിക് ടൺ ആകുന്നു. പ്രതിവർഷം 6,300 മില്യൺ മുട്ട സംസ്ഥാനത്ത് ആവശ്യമാണ്. കോഴിമുട്ടയുടെ ആഭ്യന്തര ഉല്പാദനം 2,476.9 മില്യൺ ആകുന്നു. (2013-14 ലെ കണക്ക പ്രകാരം) .സംസ്ഥാനത്തിന്റെ ആഭ്യന്തര പാൽ ആവശ്യകതയുടെ 86.68 ശതമാനവും സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആയതിനാൽ പാലുല്പാദനം വളരെക്കുറവാണെന്ന് വിലയിരുത്തപ്പെടുന്നില്ല. |
| ബി) പാൽ,മുട്ട,മാംസം ഉത്പാദനത്തിനായി സഹകരണ സംഘങ്ങൾ മുന്നോട്ടുവന്നാൽ സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ? | ബി) ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ